# അബ്ദുൾ കലാം ആരുടെ പ്രതിനിധിയാണ്?

സി. ആർ. നീലകണ്ഠൻ നമ്പൂതിരി

നമ്മുടെ അടുത്ത രാഷ്ട്രപതി എ. പി. ജെ. അബ്ദുൾ കലാം ആയിരിക്കുമെന്ന കാര്യം ഏതാണ്ടുറപ്പായി കഴിഞ്ഞു. എതിരായി നിൽക്കുന്ന ലക്ഷ്മി സെഗാൾ എന്ന ക്യാപ്റ്റൻ ലക്ഷ്മിക്ക് പത്തു ശതമാനം വോട്ടു മാത്രമേ കിട്ടൂ. ലളിത ജീവിതം കൊണ്ടും സ്വന്തം തൊഴിലിലുള്ള സന്നദ്ധതകൊണ്ടും ഏതു മനുഷ്യനും മാതൃകയാക്കാവുന്ന വ്യക്തിത്വമാണ് എ. പി. ജെ. അബ്ദുൾ കലാമിന്റേത്. ത്യാഗസന്നദ്ധതയുടേയും ദേശീയ വീക്ഷണത്തിന്റേയും കാര്യത്തിൽ ലക്ഷ്മി സെഗാളും സ്വീകാര്യമാണ്. 'സമവായ'ത്തിലൂടെയല്ല അബ്ദുൾ കലാമിനെ സ്ഥാനാർത്ഥിയാക്കിയതെന്നാണ് ഇടതുപക്ഷകക്ഷികൾ ഉയർത്തുന്ന ഒരു വിമർശനം. ബഹുമാന്യനെങ്കിലും രാഷ്ട്രീയത്തിലും ഭരണഘടനാകാര്യങ്ങളിലും പിടിപാടില്ലാത്ത വ്യക്തിയാണ് കലാമെന്നും ഇന്നത്തെ സങ്കീർണമായ മുന്നണിരാഷ്ട്രീയസന്ധികളിൽ നിർണായക തീരുമാനമെടുക്കാൻ അദ്ദേഹത്തിനു കഴിയില്ലെന്നും അവർ പറയുന്നു. ഇതൊന്നും അത്ര ഗൗരവകരമായ കാരണങ്ങളല്ല. ഒരു ന്യൂനപക്ഷ സമുദായാംഗത്തെ രാഷ്ട്രപതിയാക്കി ഉയർത്തി കാട്ടി ബാബറി പള്ളി പൊളിക്കൽ മുതൽ ഗുജറാത്തിലെ കൂട്ടക്കൊല വരെയുള്ള അതിക്രമങ്ങളുടെ ഗൗരവം കുറയ്ക്കാനുള്ള സംഘപരിവാറിന്റെ തന്ത്രമാണിതെന്നു മനസ്സിലാക്കാൻ കോൺഗ്രസിനും കഴിഞ്ഞില്ല. ഇന്നും ബഹുരാഷ്ട്ര കോർപറേറ്റ് താൽപ്പര്യങ്ങൾക്കടിമകളായ സംസ്ഥാന മുഖ്യമന്ത്രിമാരാണ് ഇപ്പോൾ കോൺഗ്രസിന്റെ നയരൂപീകരണത്തിലെ നിർണായക ഘടകം. ഇതു മറ്റൊരു പ്രശ്നമാണ്.

എന്നാൽ ഇതിനൊക്കെയപ്പുറമുള്ള ചില അടിസ്ഥാന പ്രശ്നങ്ങളില്ലേ ? ഇന്ത്യയിലെ ഒരു രാഷ്ട്രീയ കക്ഷിയും മുന്നണിയും തുറന്നു പറയാൻ മടിക്കുന്ന പ്രശ്നങ്ങൾ? ഏതു ആശയത്തെയാണ് അബ്ദുൾ കലാം പ്രതിനിധീകരിക്കുന്നത്? മതേതര ജനാധിപത്യത്തേയോ, ഫെഡറലിസത്തെയോ, സാമൂഹ്യനീതിയേയോ ആണോ? അല്ല. അണുബോംബും മിസൈലുകളും നിർമ്മിക്കുന്നതാണ് 'ദേശസ്നേഹ'ത്തിന്റെ ലക്ഷണമെന്ന ആശയത്തെയാണ്. പൊക്രാനിൽ ബോംബു പൊട്ടിച്ചപ്പോഴും ഇടതുപക്ഷമടക്കമുള്ള രാഷ്ട്രീയ നേതൃത്വങ്ങൾ അനുഭവിച്ച 'ധർമ്മസങ്കടം' ഇതുതന്നെയായിരുന്നു. അണുബോംബ് ഒരു പ്രതിരോധായുധം പോലുമല്ലെന്നും അതുണ്ടാക്കുന്നത് അവിവേകമാണെന്നും പറഞ്ഞില്ല.

(അണുബോംബ് മാനവരാശിയുടെ വിഢ്ഢിത്തമാണ് എന്ന് ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞിട്ടുണ്ട്!) ബോംബ് പൊട്ടിച്ചവരുടെ നില

(ശേഷം 5-ാം പേജിൽ)

# അബ്ദുൾ കലാം ആരുടെ പ്രതിനിധിയാണ്?

(പേജ് 1 തുടർച്ച)

പാട്ടും അതിനായി തെരെഞ്ഞെടുത്ത സമയവും ശരിയായില്ലെന്നു മാത്രമാണ് പ്രതിപക്ഷം പോലും പറഞ്ഞത്. ആ സ്ഫോടനവും പിന്നീട്ടു വന്ന കാർഗിൽ യുദ്ധവും ഇന്ത്യയിൽ വർഗ്ഗീയതയും ഫാസിസവും വളർത്താൻ എത്രമാത്രം സഹായിച്ചുവെന്ന് നമുക്കറിയാം. "ഒരു മുസൽമാനും ദേശസ്നേഹിയാകാം", "അബ്ദുൾ കലാം നമ്മുടെ ആളാണ്" (കള്ളച്ചിരിയോടെ കാഞ്ചിയിലെ ശങ്കരാചാര്യർ) എന്നും മറ്റും പറയുന്നതിന്റെ അപകടങ്ങൾ എത്ര ഭീകരമാണ്. (ആനന്ദ് പട്‌വർദ്ധന്റെ 'വാർ ആന്റ് പീസ്' എന്ന ചിത്രം കാണുക)

രാഷ്ട്രീയം 'സ്പർശിച്ചിട്ടില്ലാത്ത' ഒരു ആയുധവിദഗ്ധനാണോ ഇന്ത്യയുടെ ഒന്നാമത്തെ പൗരനാകേണ്ടത്? ഇതിന്റെ തൊട്ടുപിന്നാലെ 'ദേശസ്നേഹിയായ ഒരു പട്ടാളക്കാരൻ' ഇന്ത്യയുടെ പ്രധാനമന്ത്രിയായി വന്നാലും നാം അംഗീകരിക്കില്ലേ? 'ഇന്ത്യക്കാരനാണോ പാകിസ്ഥാനിയാണോ എന്ന് നമ്മുടെ നെറ്റിയിൽ ആരും എഴുതി വെച്ചിട്ടില്ല' എന്ന് ധൈര്യമായി പറയുകയും ഇന്ത്യാ വിഭജനത്തിനെതിരായി നിലകൊള്ളുകയും ഇന്ത്യാ പാകിസ്ഥാൻ സൗഹൃദത്തിനു വേണ്ടി ഇപ്പോഴും പ്രവർത്തിക്കുകയും മതേതര ജനാധിപത്യം, സാമ്പത്തികസ്വാശ്രയത്വം, ഫെഡറൽ ഘടന, സാമൂഹ്യനീതി എന്നിവക്കു വേണ്ടി നിലകൊള്ളുന്നുവെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്ന ലക്ഷ്മി സെഗാൾ തന്നെയല്ലേ കൂടുതൽ 'രാജ്യസ്നേഹിയായി' കരുതപ്പെടേണ്ടത്? ആ ആശയങ്ങളല്ലേ ഇന്നത്തെ ഇന്ത്യയെ പ്രതിനിധീകരിക്കേണ്ടത്? ഇതെല്ലാം തന്നെയാണ് തന്റേയും നിലപാടുകളെന്നു പറയാൻ അബ്ദുൾ കലാം തയ്യാറാകുമോ? എങ്കിൽ ഈ മത്സരം ഒഴിവാക്കപ്പെടണം.